"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - കേരളാ ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് കെ.എസ്.ആർ.ടി.സി. യ്ക്ക് വേണ്ടി കേരള ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പ ബാധ്യത തീർപ്പാക്കുന്നതിന് 212.50 കോടി രൂപ KTDFC യ്ക്ക് റിലീസ് ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (എ) വകുപ്പ്

സ.ഉ.(സാധാ) നം.161/2024/TRANS    തീയതി,തിരുവനന്തപുരം, 25-04-2024

---

പരാമർശം:-

1. 05.05.2018 ലെ സ.ഉ. (സാധാ) നം. 197/2018/ഗതാ നമ്പർ ഉത്തരവ്
2. 02.11.2023 ലെ സ.ഉ. (സാധാ) നം. 473/2023/ഗതാ നമ്പർ ഉത്തരവ്
3. 30.03.2024 ലെ സ.ഉ. (സാധാ) നം. 120/2024/ഗതാ നമ്പർ ഉത്തരവ്
   03.04.2024 ലെ F1-2250/2022/KTDFC നമ്പരിൽ KTDFC മാനേജിംഗ്
4. ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ

<u>ഉത്തരവ്</u>

കേരളാ ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് പാലക്കാട്, എറണാകുളം ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും KSRTC യ്ക്ക് വേണ്ടി ലഭ്യമാക്കിയ 350 കോടി രൂപയ്ക്ക് പരാമർശം 1 പ്രകാരം സർക്കാർ ഗ്യാരണ്ടി നൽകുകയുണ്ടായി. വായ്പാ തിരിച്ചടവ് മുടങ്ങുകയും ബാധ്യത പെരുകുകയും ചെയ്ത സാഹചര്യത്തിൽ പരാമർശം 2 പ്രകാരം പ്രസ്തുത ഗ്യാരണ്ടി സർക്കാർ നിലവിലെ കേരള ബാങ്കിനുവേണ്ടി പുതുക്കാൻ അനുമതി നൽകിയിട്ടുമുണ്ട്.

2.കെ.എസ്.ആർ.ടി.സി. യുടെ വിവിധ പദ്ധതികൾക്കായി KTDFC വിവിധ സ്ഥാപനങ്ങളിൽ നിന്നും വായ്പയായും ഡെപ്പോസിറ്റായും സ്വീകരിച്ച് KSRTC യ്ക്ക് വായ്പയായി അനുവദിച്ച തുക, KSRTC തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ KTDFC യുടെ NBFC പ്രവർത്തനം വീണ്ടെടുക്കുന്നതിനും KSRTC , Kerala Bank എന്നീ സ്ഥാപനങ്ങളുടെ CAR, NPA സ്ഥിതി മെച്ചപ്പെടുത്തുന്നതിനും വേണ്ടി KSRTC, KTDFC ൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടവിനായി 412.50 കോടി രൂപ 7055-00-190-99-Loan for KSRTC (P) ശീർഷകത്തിൽ നിന്നും നിലവിലെ വായ്പാ നിബന്ധനകൾക്ക് വിധേയമായി, നിശ്ചിത വ്യവസ്ഥകളോടെ പരാമർശം 3 പ്രകാരം KTDFC യ്ക്ക് അനുവദിച്ച് ഉത്തരവാകുകയുണ്ടായി .

3.തുടർന്ന് പരാമർശം 3 ഉത്തരവിലെ, ഈ സെറ്റിൽമെന്റ് പ്രകാരം KTDFC കേരളാ ബാങ്കിന് നൽകേണ്ട ബാക്കി തുകയായ 212.50 കോടി രൂപ ഏപ്രിൽ 2024 ൽ അനുദിക്കുന്നതാണെന്നും അതിനുള്ള പ്രൊപ്പോസൽ യഥാസമയം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പരാമർശം 4 പ്രകാരം KTDFC മാനേജിംഗ് ഡയറക്ടർ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. KTDFC കേരളാ ബാങ്കിന് നൽകേണ്ട ബാക്കി തുകയായ 212.50 കോടി രൂപ 7055-00-190-99- KSRTCയ്ക്കുള്ള വായ്പകൾ എന്ന ശീർഷകത്തിൽ നിന്നും Kerala Bank ലേക്ക് തിരിച്ചടയ്ക്കുന്നതിനുവേണ്ടി നിലവിലെ വായ്പ നിബന്ധനകൾക്ക് വിധേയമായി, പരാമർശം 3 ഉത്തരവിലെ വ്യവസ്ഥകളോടെ അനുവദിച്ച് ഉത്തരവാകുന്നു. അതു പ്രകാരം KSRTC, KTDFC, Kerala Bank എന്നീ സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട ലോൺ അക്കൗണ്ടുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ക്രമീകരിച്ച്, ഒരാഴ്ച്യ്ക്കകം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരളാ ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കേർപ്പറേഷൻ തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരളാ ബാങ്ക്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരളാ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, ഗവൺമെന്റ് സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
ധനകാര്യ (പി.യു. - എ) വകുപ്പ് (24.04.2024 ലെ 2740395/PU-A2/172/2023-FIN-Part(1) പ്രകാരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ) വകുപ്പ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sawmini Jayakumar
സെക്ഷൻ ഓഫീസർ
Date: 25-04-2024 13:48:08

പകർപ്പ് :- ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എ.